(ബി) ഇവകൂടാതെ ഈ രംഗത്ത് എന്തെല്ലാം ഏജൻസികൾ വികസന, ഉൽപ്പാദനക്ഷേമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ ഏജൻസികളിലൂടെ നടപ്പാക്കിയ ഏതെല്ലാം പദ്ധതികളാണ് ലക്ഷ്യ പ്രാപ്തിയിലെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് എപ്പോൾ പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) ബ്രാക്കിഷ് വാട്ടർ ഫിഷർ ഫാർമേഴ്സ് ഡെവലപ്പമെന്റ് ഏജൻസി ഉൽപ്പാദന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്.

(സി) ഓരുജല ചെമ്മീൻ/മൽസ്യ കൃഷി പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ബ്രാക്കിഷ് വാട്ടർ ഫിഷ് ഫാർമേഴ്സ് ഡെവലപ്പ്മെന്റ് ഏജൻസി ഓരോ വർഷവും ലക്ഷ്യമിടുന്ന പദ്ധതിയുടെ 80% ലേറെ ശരാശരി ലക്ഷ്യം നേടുന്നുണ്ട്. കെ. എഫ്. ഡി. പി. പി. സി. (കേരള ഫിഷറീസ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഫോർ പ്രാൺ കൾച്ചർ). പൊക്കാളി പാടശേഖരങ്ങളിലെ ചെമ്മീൻ ഉൽപ്പാദന വർദ്ധനവിനുള്ള സമഗ്ര പദ്ധതി, കുട്ടനാട് സമഗ്ര ജലകൃഷി വികസന പദ്ധതി, കല്ലുമ്മക്കായ (ചിപ്പി) കൃഷി എന്ന പദ്ധതികൾ നടപ്പാക്കുന്ന അഡാക്ക് വിവിധ കാരണങ്ങൾക്കൊണ്ട് പൂർണ്ണമായും ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. മൽസ്യ ഫെഡ് വഴി നടപ്പിലാക്കി ലക്ഷ്യപ്രാപ്തിയിൽ എത്തുകയും ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. †

(ഡി) അഡാക്കിന്റെ നിയന്ത്രണത്തിലുള്ള ഏജൻസികൾ ഏകോപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റുള്ളവ ഏകോപിപ്പിക്കുന്നത് പ്രായോഗികമല്ല.

തീരദേശ ആരോഗ്യ ശുചിത്വ പദ്ധതി

55 [6021] ശ്രീമതി മേഴ്സി രവി:
ശ്രീ. ഡി. സുഗതൻ:
,, ടി.എൻ. പ്രതാപൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ആരോഗ്യ ശുചിത്വ പദ്ധതി എവിടെയെല്ലാം നടപ്പിലാക്കിയിട്ടുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിപ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്;

(സി) ഈ വർഷം ഈ പദ്ധതിക്കുവേണ്ടി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) "തീരസമൃദ്ധി" എന്ന പ്രസ്തുത പദ്ധതി സംസ്ഥാനത്തെ ഒമ്പതു തീരദേശ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ താഴെപറയുന്ന നാലു ഘടകങ്ങളാണുണ്ടായിരുന്നത്:

(1) വ്യക്തിഗത സാനിട്ടേഷൻ

ഇതിൽ ഗൃഹശുചീകരണ പദ്ധതി അനുസരിച്ച് കക്കൂസ് ഇല്ലാത്ത ഒരു മൽസ്യ തൊഴിലാളി കുടുംബത്തിന്, 4000 രൂപ കക്കൂസ് നിർമ്മിക്കാനായി ഫിഷറീസ് വകുപ്പ് നൽകും. ഇതിന്റെ ആകെ ചെലവ് 5,000 രൂപയാണ്. 1,000 രൂപ ഗുണഭോക്താവിന്റെ വിഹിതമായിരിക്കും.

(2) വീട് അറ്റകുറ്റപ്പണിയും കക്കൂസ് നിർമ്മാണവും

മൽസ്യത്തൊഴിലാളി ഭവനങ്ങൾ അറ്റകുറ്റപ്പണി ചെയ്ത് കക്കൂസ് നിർമ്മിക്കുന്ന ഈ പദ്ധതിയുടെ ആകെ ചെലവ് 25,000 രൂപയാണ്. ഇതിൽ 20,000 രൂപ സർക്കാർ നൽകും. 5,000 രൂപ ഗുണഭോക്താവിന്റെ വിഹിതമായിരിക്കും.

(3) പൊതു സാനിട്ടേഷൻ

വീടിനോടനുബന്ധമായി കക്കൂസ് നിർമ്മിക്കാൻ കഴിയാത്ത, മൽസ്യ തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2.5 സെന്റ് സ്ഥലം സ്വന്തം ചെലവിൽ കണ്ടെത്തണം. ഒരു യൂണിറ്റിന് 1.25 ലക്ഷം രൂപയാണ് ചെലവ്. അതിൽ 0.25 ലക്ഷം രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകുന്ന വസ്തുവിന്റെ വില വിഹിതമായി കണക്കാക്കും. ബാക്കി ഒരു ലക്ഷം രൂപ സർക്കാർ വിഹിതമായിരിക്കും.

(4) കുടിവെള്ള വിതരണ പദ്ധതി

ഈ പദ്ധതി അനുസരിച്ച് കുഴൽകിണർ, വാട്ടർടാങ്ക് എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ 5 സെന്റ് സ്ഥലം ഗ്രാമ പഞ്ചായത്തുകൾ സ്വന്തം ചെലവിൽ കണ്ടെത്തണം. യൂണിറ്റ് ഒന്നിന് 25 ലക്ഷം രൂപയാണ് ചെലവ്. ഇതിൽ 20 ലക്ഷം രൂപ വകുപ്പ് നൽകും. 5 ലക്ഷം രൂപ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമാണ്.

(സി) കേന്ദ്ര ഗവൺമെന്റിന്റെ 100% പ്രത്യേക സഹായ പദ്ധതിയായി 2002-2003 സാമ്പത്തിക വർഷം മാത്രം നടപ്പാക്കിയ പദ്ധതിയാണിത്. ഈ പദ്ധതിക്കു വേണ്ടി ഈ വർഷം തുക വകയിരുത്തിയിട്ടില്ല.



LIBRARY ARCHIVES Kerala Legislative Assembly